(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ, മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

(എഫ് & ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കെ.സി.റ്റി. യുടെ പെർമിറ്റുകൾ നിലനിറുത്തുന്നതിന് നടപടി

94 (4254) ശ്രീ. ജി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നം. 4203) ക്ക് 1960 നവംബർ 23-ലെ 62408/60/റ്റി. എ. 4 എന്ന നോട്ടിഫിക്കേഷനിലെ അനക്സർ എ15, 17-ൽ പറഞ്ഞിരിക്കുന്ന റൂട്ടുകളിൽ ബസ്സിന്റെ പെർമിറ്റ് പുതുക്കി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായംകുളത്തുനിന്നുള്ള ഹൈവേ രാമപുരം വഴി നേരെയാക്കിയ സ്ഥിതിക്ക് കാലഹരണപ്പെട്ട നോട്ടിഫിക്കേഷന്റെ പേര് പെർമിറ്റുകൾ പുതുക്കി നൽകാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കെ. സി. റ്റി. യുടെ പെർമിറ്റുകൾ നിലനിർത്തുന്നതിന് സഹായകമായി വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-8-2001- ലെ ആർ.ടി.എ. തീരുമാനം അനുസരിച്ച് കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി നൽകാനുള്ള തീരുമാനം എടുത്തിരുന്നു. എന്നാൽ ടി തീരുമാനത്തിനെതിരെ സ്റ്റേറ്റ് ട്രാസ്പോർട്ട് അപ്പലേറ്റ് ട്രൈബൂണലിൽ കെ.എസ്.ആർ.ടി.സി. റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. (എം.ബി.ആർ.പി. നം. 71/2001). ഈ പെറ്റീഷൻ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുകൂലമായി വിധിച്ചു. ഇതനുസരിച്ച് റീജിണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം റദ്ദുചെയ്ത് കെ.സി.റ്റി. യുടെ അപേക്ഷ വീണ്ടും പരിഗണിക്കാൻ നിർദ്ദേശിച്ചു. എസ്.റ്റി.എ.റ്റി. യുടെ ഉത്തരവ് അനുസരിച്ച് 3-2-2003-ൽ ആർ.ടി.എ. ബോർഡ് കൂടി കെ.എസ്.ആർ.ടി.സി. യുടെ തടസ്സവാദം പരിഗണിക്കുകയും കെ. സി.റ്റി. (കായകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ക്ക് അനുവദിച്ചിരുന്ന റൂട്ട് കൊല്ലം-ആലപ്പുഴ (നോട്ടിഫിക്കേഷൻ നം. 62408/601 റ്റി) ദേശസാൽക്കരണ പദ്ധതിക്ക് വിരുദ്ധമായതാൽ കെ. സി. റ്റി. യ്ക്ക് പെർമിറ്റ് പുതുക്കി നൽകേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാമപുരംവഴി ദേശീയപാത നേരെയാക്കിയെങ്കിൽ കൂടി രാമപുരം വഴിയുള്ള കൊല്ലം-ആലപ്പുഴ, ആലപ്പുഴ-കായംകുളം എന്നീ ദേശസാൽക്കരണ പദ്ധതികൾ ഇപ്പോഴും നിലവിലുണ്ട്. മേൽപ്പടി ദേശസാൽക്കരണ പദ്ധതി പ്രകാരം ഈ റൂട്ടിൽകൂടി ഒന്നിൽ കൂടുതൽ ഇന്റർമീഡിയറ്റ് പോയിന്റുകളെ ബന്ധിപ്പിച്ചു കൊണ്ട് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റനുൽകുന്നത് നിയമവിരുദ്ധമാണ്. മേൽപ്പടി സൊസൈറ്റിയുടെ പ്രീമിയർ ജംഗ്ഷൻ-വിയപുരം റൂട്ട്, കൊല്ലം-ആലപ്പുഴ റൂട്ടിലെ ഓച്ചിറ, കായംകുളം എന്നീ ഇന്റർ മീഡിയറ്റ് പോയിന്റുകൾ തമ്മിൽ ബന്ധിക്കുന്നതാകയാലാണ് പുതുക്കി നൽകാത്തത്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

95 (4255) ശ്രീ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കൊല്ലം-കോട്ടപ്പുറം ജലപാത ഗതാഗത യോഗ്യമാക്കാനും നവീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ജലപാതകളുടെ നവീകരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരം സഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ജല ഗതാഗത വകുപ്പ് സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ 25 വർഷത്തിനുമേൽ പഴക്കമുള്ളവ ഘട്ടം ഘട്ടമായി ഒരു വർഷത്തിനകം മാറ്റി പുതിയവ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. തടി ബോട്ടുകൾക്കുപകരം സ്റ്റീൽ /ഫൈബർ ബോട്ടുകളും നിർമ്മിച്ച് സർവ്വീസിനിറക്കുവാനും നടപടി എടുത്തുവരുന്നു. ടി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം ദേശീയ ജല പാതയായി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കോവളം മുതൽ വിഴിഞ്ഞം വരെയും മാഹി മുതൽ വളപ്പട്ടണം വരെയും വടകര-മാഹി കനാലിന്റെയും നിർമ്മാണ/വികസന പദ്ധതികളുടെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-ആലപ്പുഴ എന്നീ ജലപാതയുടെ വികസനം കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഒരു പൈലറ്റ് പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly